## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4097 | 27.06.2012-ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് ന്യായമായ വേതനം ലഭ്യമാക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് ന്യായമായ വേതനം ലഭ്യമാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് 16/12/2009 ലെ ജി.ഒ. (എം.എസ്)നമ്പർ 174/09/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരമാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്. സ്വകാര്യ ആശുപത്രിയിലെ നഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ വേതന പരിഷ്ക്കരണം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ സംബന്ധിച്ച് തീരുമാന മെടുക്കുന്നതിന് ഒരു വ്യവസായ ബന്ധസമിതി 28/5/2012 ലെ സ.ഉ(സാധാ) നമ്പർ 799/2012/തൊഴിൽ നമ്പരായുള്ള ഉത്തരവ് പ്രകാരം രൂപീകരിക്കുകയും ടി സമിതി 6/6/2012 - ന് പ്രഥമ യോഗം ചേരുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ആശുപത്രി ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ 2 മാസത്തിനകം സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രസ്തുതയോഗം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം സംസ്ഥാനത്തെ ഭൂരിഭാഗം സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് നൽകാത്ത അവസ്ഥയും തുടർന്നുള്ള സമരങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |

| | |
|---|---|
| (സി) എങ്കിൽ പ്രസ്തുത ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) മിനിമം വേതനം ലഭിക്കാത്ത സ്വകാര്യ ആശുപത്രി ജീവനക്കാരുടെ പരാതികളുടെ അടിസ്ഥാനത്തിൽ 12/12/2011 മുതൽ കേരളത്തിലെ പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ സ്ക്വാഡ് മുഖേന പരിശോധന നടത്തി വരികയാണ്. ഇതിന്റെ ഭാഗമായി മിനിമം വേതനം നൽകാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |

സെക്ഷൻ ആഫീസർ